**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 459** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരളത്തിൽ നിർമ്മിത ബുദ്ധിയുടെ സാധ്യതകളും വികസനവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്) യുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പൊതുസേവന വിതരണം മെച്ചപ്പെടുത്തുന്നതിനും ഗവേഷണം, നവീകരണം, വ്യവസായ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ നേതൃത്വത്തിൽ കേരള എ.ഐ (K-AI) പദ്ധതി നടപ്പിലാക്കിവരുന്നു. വിവിധ സർക്കാർ വകുപ്പുകളുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് നിർമിത ബുദ്ധി അധിഷ്ഠിത പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകൾ , ഗവേഷണ സ്ഥാപനങ്ങൾ, അക്കാദമിക മേഖല എന്നിവയെ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇന്ത്യ എ.ഐ മിഷന്റെ ഭാഗമായി കേന്ദ്ര ഇലക്ട്രോണിക്സ് & വിവരസാങ്കേതിക മന്ത്രാലയത്തിന്റെ (MeitY) സഹായത്തോടെ രണ്ട് മികവിന്റെ കേന്ദ്രങ്ങൾ (CoE's) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) ബയോ-എ.ഐ സെന്റർ (Bio-AI CoE), കൊച്ചിയിലും, തിരുവനന്തപുരത്ത് എ.ഐ സ്റ്റാർട്ടപ്പ് സ്റ്റുഡിയോ (AI Startup Studio) ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ (DUK) നേതൃത്വത്തിലും സ്ഥാപിക്കപ്പെടുന്നു. ഇതിലൂടെ പുതിയ സംരംഭകരെ പ്രോൽസാഹിപ്പിക്കുവാനും എ.ഐയുടെ പുതിയ മേഖലകളിൽ വിദ്യാർഥികളെ പരിശീലിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

**(ബി)** ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, ദുരന്തനിവാരണം എന്നീ മേഖലകളിൽ എ.ഐ സാങ്കേതികവിദ്യ ഉപയോഗിച്ച് നിലവിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ വിവിധ മേഖലകളിൽ നിർമ്മിത ബുദ്ധി അധിഷ്ഠിത പദ്ധതികൾ രൂപീകരിച്ചും ഉപയോഗ സാധ്യതകൾ കണ്ടെത്തുകയും ചെയ്തുവരുന്നു.

- വിദ്യാഭ്യാസ മേഖലയിൽ: കൈറ്റ് വികസിപ്പിച്ച 'സമഗ്ര പ്ലസ് AI' പ്ലാറ്റ്ഫോം വഴി പഠന സഹായം, ഉള്ളടക്ക നിർമ്മാണം, വിവർത്തനം, ചോദ്യോത്തര സേവനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

- ആരോഗ്യ മേഖലയിൽ: രോഗവ്യാപന നിരീക്ഷണം, ആരോഗ്യ വിവര വിശകലനം, രോഗനിർണയ സഹായം തുടങ്ങിയ മേഖലകളിൽ നിർമ്മിത ബുദ്ധി പ്രയോഗിക്കുന്നത് പരിഗണിച്ചുവരുന്നു.
- കാർഷിക മേഖലയിൽ: വിള ഉൽപാദന പ്രവചനം, കാലാവസ്ഥാ അധിഷ്ഠിത ഉപദേശങ്ങൾ, കാർഷിക വിവര വിശകലനം എന്നിവയ്ക്കായി നിർമ്മിത ബുദ്ധി

  ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.
- ദുരന്തനിവാരണ മേഖലയിൽ: അതിതീവ്ര കാലാവസ്ഥാ സംഭവങ്ങളുടെ പ്രവചനം, അപകട സാധ്യതാ വിലയിരുത്തൽ. മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവയ്ക്കായി നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ എന്നിവ പരിശോധിച്ചുവരുന്നു.

**(സി)** കേരളത്തെ ഒരു പ്രധാന എ.ഐ ഹബ്ബാക്കി മാറ്റുന്നതിനായി വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും, സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വ്യക്തമാക്കാമോ?

**മറുപടി:** കേരളത്തെ നിർമ്മിത ബുദ്ധി രംഗത്തെ പ്രമുഖ കേന്ദ്രമായി വികസിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികളാണ് പ്രധാനമായും സ്വീകരിച്ചുവരുന്നത് :

- കേരള നിർമിത ബുദ്ധി മിഷൻ മുഖേന വിവിധ വകുപ്പുകളിലെ നിർമിത ബുദ്ധി പ്രയോഗസാധ്യതകൾ കണ്ടെത്തി നടപ്പിലാക്കുന്നു.
- നിർമിത ബുദ്ധി ഗവേഷണവും നൂതനത്വവും പ്രോത്സാഹിപ്പിക്കുന്നു.
- നിർമിത ബുദ്ധി മേഖലയിൽ പ്രാവീണ്യമുള്ള മനുഷ്യവിഭവശേഷി വികസിപ്പിക്കുന്നു.
- ദേശീയ-അന്തർദേശീയ സഹകരണങ്ങൾ ശക്തിപ്പെടുത്തുന്നു.
- ഉത്തരവാദിത്തപരവും ധാർമ്മികവുമായ നിർമിത ബുദ്ധി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന എ.ഐ. സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ സൗകര്യങ്ങൾ, മെന്ററിംഗ്, സീഡ് ഫണ്ടിംഗ്, നവീകരണ ഗ്രാന്റുകൾ, നിക്ഷേപക ബന്ധങ്ങൾ, ഗവേഷണ സഹകരണം, വിപണി പ്രവേശനസഹായം തുടങ്ങിയ പിന്തുണകൾ നൽകിവരുന്നു.

എ.ഐ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിനായി ഏപ്രിൽ മാസത്തിൽ ദേശീയ തലത്തിൽ ഒരു 'ഏജന്റിക് എ.ഐ ഹാക്കത്തോൺ' (Agentic AI Hackathon) സംഘടിപ്പിച്ചിരുന്നു. ഇന്നൊവേഷൻ ഗ്രാൻറ് പ്രോഗ്രാമിലൂടെയുള്ള പിന്തുണയ്ക്ക് പുറമെ, സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.യു.എമ്മിന്റെ ഇൻ-ഹൗസ് ജി.പി.യു (GPU) സംവിധാനത്തിലൂടെ കമ്പ്യൂട്ടേഷണൽ പിന്തുണയും ലഭ്യമാക്കുന്നുണ്ട്. നിലവിലുള്ള കമ്പ്യൂട്ട് ഇൻഫ്രാസ്ട്രക്ച്ചർ മതിയാകാത്തതിനാലും എ.ഐ സ്റ്റാർട്ടപ്പുകളുടെ കമ്പ്യൂട്ട് ചാർജുകൾ വളരെ കൂടുതലായതിനാലും, കേരളത്തിനുള്ളിൽ തന്നെ ഒരു ജി.പി.യു ക്ലസ്റ്റർ (GPU cluster) സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**